**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10</u>** **<u>27-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>പാറശ്ശാല മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എത്ര കിലോമീറ്റർ കേബിൾ ലേയിംഗ് പൂർത്തിയാക്കിയിട്ടുണ്ട്; പദ്ധതിയുടെ നിലവിലെ പുരോഗതിയും പ്രവർത്തനക്ഷമതയും വ്യക്തമാക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 63 കിലോമീറ്റർ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. 23 ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖേന 626 റീട്ടെയിൽ കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ ഓഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് കെ-ഫോൺ കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്; ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | പാറശാല നിയോജക മണ്ഡലത്തിൽ 49 വിദ്യാഭ്യാസ സ്ഥാപനങ്ങളും 80 ആരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെടെ 203 സ്ഥാപനങ്ങളിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള എണ്ണം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ട്; ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടും കണക്ഷൻ ലഭിക്കാത്തവർ എത്ര പേരുണ്ട്; | (സി) | 48 സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. 662 കണക്ഷനുകൾ നല്കാൻ ബാക്കിയുണ്ട്. |
| (ഡി) | മണ്ഡലത്തിലെ മലയോര-തീരദേശ മേഖലകളിലെ ഇന്റർനെറ്റ് ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥാപനങ്ങളിലേക്കും വ്യക്തികളിലേക്കും കെ-ഫോൺ സേവനം വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ ? | (ഡി) | കെ-ഫോൺ സേവനം വ്യാപിപ്പിക്കുന്നതിന് കൂടുതൽ കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. കൂടുതൽ ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ഗ്രാമ പഞ്ചായത്ത്** | **സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ** |
|---|---|
| അമ്പൂരി | 8 |
| ആര്യൻകോഡ് | 9 |
| കള്ളിക്കാട് | 68 |
| കൊല്ലയിൽ | 12 |
| കുന്നത്തുകാൽ | 18 |
| ഒറ്റശേഖരമംഗലം | 14 |
| പാറശ്ശാല | 41 |
| പെരുങ്കടവിള | 6 |
| വെള്ളറട | 27 |
| ആകെ | **203** |
| **ഗ്രാമ പഞ്ചായത്ത്** | **ആരോഗ്യ കേന്ദ്രങ്ങൾ** |
| അമ്പൂരി | 2 |
| ആര്യൻകോഡ് | 3 |
| കള്ളിക്കാട് | 20 |
| കൊല്ലയിൽ | 9 |
| കുന്നത്തുകാൽ | 6 |
| ഒറ്റശേഖരമംഗലം | 9 |
| പാറശ്ശാല | 16 |
| പെരുങ്കടവിള | 2 |
| വെള്ളറട | 13 |
| ആകെ | 80 |
| **ഗ്രാമ പഞ്ചായത്ത്** | **വിദ്യഭ്യാസ സ്ഥാപനങ്ങൾ** |
| അമ്പൂരി | 4 |
| ആര്യൻകോഡ് | 2 |
| കള്ളിക്കാട് | 13 |
| കൊല്ലയിൽ | 2 |
| കുന്നത്തുകാൽ | 6 |
| ഒറ്റശേഖരമംഗലം | 4 |
| പാറശ്ശാല | 7 |

| | |
|---|---|
| പെരുങ്കടവിള | 4 |
| വെള്ളറട | 7 |
| ആകെ | 49 |